ശ്രീ. പി. നാരായണൻ നായർ : സ്വന്തമായി ഭൂമിയുള്ള ഹരിജനങ്ങളുടെ ഒരു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിലേയ്ക്കു പ്രത്യേകിച്ചു് കണക്കു് ഒന്നും എന്റെ കൈവശമില്ല.

ശ്രീ. എൻ. ജി. ചാക്കോ : വീടു കെട്ടിയിട്ടുള്ള ചില കോളനികളിൽ ആളുകൾ താമസിക്കാതിരിക്കുന്നുണ്ടു്. അതിനു വല്ല കാരണവും ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഹരിജൻ കോളനികളിൽ അങ്ങനെയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഹരിജൻ കോളനികൾ വിപുലീകരിക്കുന്നതിനു് എന്തെങ്കിലും പരിപാടിയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കൂടുതൽ കോളനികൾ സ്ഥാപിക്കണമെന്നാണു് ഗവണ്മെന്റ് വ ചാരിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : കൂടുതൽ എത്ര കോളനികളാണു് ഉണ്ടാക്കാൻ പോകുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : എത്രയാണെന്നു വണ്ണിതമായി പറയാൻ നിവൃത്തിയില്ല.

ആതുരപത്രി കണ്ടിൻജൻസി ജീവനക്കാർ.

* 32. [4] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പു മന്ത്രി ദയവു മറുപടി പറയുമോ :

(എ) ആതുരപത്രി കണ്ടിൻജൻസി ജീവനക്കാരുടെ അവശതകൾ പരിഹരിക്കുന്നതിനു് അവരുടെ മെമ്മോറാണ്ടത്തിൽ എന്തെല്ലാം ആവശ്യങ്ങളാണു് ഉന്നയിച്ചിരുന്നതു്;

(ബി) എന്തെല്ലാം പരിഹാരങ്ങൾ ഇതിനകം ഉണ്ടായിട്ടുണ്ടു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ എ. എ. റഹിം) : ആതുരപത്രി കണ്ടിൻജൻസി ജീവനക്കാരുടെ അവശതകൾ പരിഹരിക്കുന്നതിനു് അവരുടെ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങളുടെ ഒരു ലിസ്റ്റു് * മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) ആക്ടിംഗിൽ കഴിവു വരുന്ന സ്ഥാനങ്ങളിലേയ്ക്കു് അവരെ നിയമിക്കുക, പെൻഷൻ അനുവദിക്കുക, മുതലായ കാര്യങ്ങളിൽ നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടു്.

ശ്രീ. പി. ഗോപാലൻ: മേശപ്പുറത്തു ലിസ്റ്റു് വച്ചതിൽ അതിനെ സംബന്ധിച്ചു് ചോദ്യം ചോദിക്കാൻ പ്രയാസമുള്ളതുകൊണ്ടു് ആ കാര്യങ്ങൾ പറഞ്ഞാൽ സൗകര്യമായിരിക്കും.

* Please See Appendix I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : മെമ്മോറാണ്ടം ദീർഘമായ കത്താണ്. അതു വായിക്കുകയാണെങ്കിൽ അതിനു വളരെ സമയം വേണ്ടിവരും.

ശ്രീ. വി. ശ്രീധരൻ : കഴിവു വരുന്ന സമാനങ്ങളിൽ ഈ കണ്ടിജൻസി ജീവനക്കാരെ നിയമിച്ചുവരുന്നുണ്ടെന്ന് അറിയാമോ?

ശ്രീ എ. എ. റഹിം : അതു് ഒരു ജനറൽ കപ്സ്റ്റ്രനായി ഡീൽ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ശ്രീധരൻ : കണ്ടിജൻസി ജീവനക്കാരെ സ്ഥിരം സർവ്വീസിൽ എടുക്കേണ്ടതു് ആവശ്യമാണെന്നു് ഗവണ്മെൻറ് കരുതുന്നുണ്ടോ?

ശ്രീ. എ. എ. റഹിം : ആവശ്യമാണ്.

ശ്രീ. ടി. കെ. ദിവാകരൻ : അവരെ പെൻഷനബിൾ സർവ്വീസിലെടുക്കാമോ?

ശ്രീ. എ. എ. റഹിം : അതുതന്നെയാണു പറഞ്ഞതു് ആവശ്യമാണ് എന്നു്. അതു ജനറൽ കപ്സ്റ്റ്രനായി ഡീൽ ചെയ്യുകയാണ്.

ശ്രീ. പ്രാക്കുളം ഭാസി : കണ്ടിജൻസി ജീവനക്കാരെ സംബന്ധിച്ചിടത്തോളം ജോലിസമയത്തിനു ക്ലിപ്തതയുണ്ടോ?

ശ്രീ. എ. എ. റഹിം : ഉണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : എത്ര മണിക്കൂറാണു്?

ശ്രീ. എ. എ. റഹിം : എത്ര മണിക്കൂറാണെന്നു പറയാൻ നോട്ടീസു വേണം.

ശ്രീ. പ്രാക്കുളം ഭാസി : സമയക്ലിപ്തതയില്ലെന്നുള്ള കാര്യം കൂടി മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുണ്ടെന്നു് അറിയാമോ?

ശ്രീ. എ. എ. റഹിം : ക്ലിപ്തമായ ജോലി സമയം ഉണ്ടെന്നു അറിയാം. പക്ഷേ അതു കൂടിപ്പോയെന്നുള്ളതാണു പരാതി.

താണ ജീവനക്കാരുടെ ഹൗസിംഗ് സ്കീം.

* 33. [5] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ പ്രകൃപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) താണ ജീവനക്കാരുടെ (ലോ ഇൻകം ഗ്രൂപ്പ്) ഹൗസിംഗ് സ്കീമനുസരിച്ചു് എന്തെല്ലാം നിർദ്ദേശങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളതു്

(ബി) എത്രയെല്ലാം സർട്ടിഫിക്കറ്റുകളാണ് വേണമെന്നു നിർദ്ദേശിച്ചിട്ടുള്ളതു് ;

(സി) വായ്പയുടെ നിബന്ധനകൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I.

*[Please see Answer to Question No. *32(4)]*

(എ) ആശുപത്രി കണ്ടിൻജൻസി ജീവനക്കാരുടെ അവശതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങളാണ് അവർ ഉന്നയിച്ചിരിക്കുന്നത്.

1. പാർട്ട് ടൈംകാരെ ഫുൾ ടൈംകാരാക്കി മാറ്റുകയും മുഴുവൻ കണ്ടിൻജൻസിക്കാരെ സ്ഥിരപ്പെടുത്തുകയും ചെയ്യുക.

2. ആക്ടിംഗ്കാരെ ഒഴിവുവരുന്ന സ്ഥാനങ്ങളിൽ നിയമിക്കുക.

3. ജോലിസമയം 8 മണിക്കൂറായി നിജപ്പെടുത്തുക.

4 ആണ്ടിൽ മൂന്നുജോടി യൂണിഫാറവും മൂന്നുജോടി പാദരക്ഷയും നൽകുക.

5. ജോലിയുടെ സ്വഭാവത്തെ പരിഗണിച്ച് റിസ്ക് അലവൻസ് അനുവദിക്കേണ്ടതാണ്. മെൻറൽ ആശുപത്രിയിൽ രോഗികളുമായി ഇടപെടുമ്പോൾ വസൂരിയും കീറുക, മാരകങ്ങളായ ക്ഷതങ്ങളും മുറിവുകളും പറ്റുക എന്നിവ സാധാരണയാണ്. അതുകൊണ്ട് പ്രത്യേകം അലവൻസ് അനുവദിക്കേണ്ടതാണ്. ഠറി. ബി. ക്ലിനിക്കിലും മറ്റും ഇന്നു കൊടുത്തു കൊണ്ടിരിക്കുന്ന റിസ്ക് അലവൻസ് നേഴ്സിനു കൊടുക്കുന്നതുപോലെ പന്ത്രണ്ട് രൂപയാക്കണം.

6. ആണ്ടിൽ പന്ത്രണ്ടു രൂപ വാഷിംഗ് അലവൻസും ട്രാവലിംഗ് അലവൻസും നേഴ്സിനുള്ളതുപോലെ ഹൗസ് റെൻറ് അലവൻസ് എന്നീ അലവൻസുകളും അനുവദിക്കുക.

7. പ്രിവിലേജ് ലീവ് അനുവദിക്കുകയും ഹോളി ഡേ ലീവു ഇല്ലാത്തതിനു പകരം കാഷ്വൽലീവ് മറ്റു ഡിപ്പാർട്ടുമെൻറുകളിൽ കൊടുക്കുന്നതിൽ ഇരട്ടിയാക്കി (40 ദിവസം) വർദ്ധിപ്പിക്കുകയും ചെയ്യണം.

8. സ്ത്രീകൾക്ക് ശമ്പളത്തോടുകൂടിയ നാലു മാസത്തെ പ്രസവാവധി നൽകുക.

9. എല്ലാ ജീവനക്കാർക്കും പ്രോവിഡൻറ് ഫണ്ട് ഏർപ്പെടുത്തുക.

10. സർവ്വീസിനേയും എംപ്ലോയ്മെൻസിനേയും പരിഗണിച്ച് ഡിപ്പാർട്ടുമെൻറിൽ ഉണ്ടാകുന്ന ലാബറട്ടറി അറൻറർ, ഡെൻറൽ അറൻറർ, ഇ. എൻ. ഠറി. അറൻറർ, എക്സ്റേ അറൻറർ, സ്കിൻ അറൻറർ, ഓപ്പറേഷൻ തീയേറ്റർ അറൻറർ, ലൈബ്രറി അറൻറർ, ഫോൺ ഓപ്പറേറ്റർ, ഹാസ്പിറ്റൽ അറൻറൻറ്, ആംബുലൻസ് ഡ്രൈവർ തുടങ്ങിയ ഒഴിവുകളിലേക്ക് ഉണ്ടാകാവുന്ന പ്രമോഷനുകളിലേക്ക് അർഹതയുള്ള കണ്ടിൻജൻസി ജീവനക്കാരെക്കൂടി പ്രമോട്ടുചെയ്യുക. അതുപോലെ മെഡിക്കൽ സ്റ്റോറിൽ ഉണ്ടാകുന്ന സ്ഥിരം ഒഴിവുകളിൽ അവിടെയുള്ള കണ്ടിൻജൻസിക്കാരെത്തന്നെ നിയമിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

11. കമ്പോസിറ്റിംഗ്, നഴ്സിംഗ്, ലാബറട്ടറി ടെക്നീഷൻ, റേഡിയോ ഗ്രാഫർ, വീവിംഗ് ഇൻസ്ട്രക്ടർ, മിഡ്വൈഫ് തുടങ്ങിയ സ്ഥാനങ്ങളിലേക്ക് പരിശീലനത്തിനു തിരഞ്ഞെടുപ്പ് നടത്തുമ്പോൾ പരീക്ഷായോഗ്യതയുള്ള കണ്ടിൻജൻസി ജീവനക്കാർക്ക് മുൻഗണന നൽകണം.

12. കണ്ടിൻജൻസി ജീവനക്കാരെ യാതൊരു വിവേചനവുംകൂടാതെ സ്ഥലം മാറ്റുന്ന ഏർപ്പാട് നിറുത്തുകയും കഴിയുന്നതും അവരവരുടെ സ്വന്തസ്ഥലത്തു് നിയമിക്കുകയും ചെയ്യണം. റ്റി. ബി. സെൻറർ തുടങ്ങിയ സ്ഥാനങ്ങളിലുള്ളവരെ മൂന്നു കൊല്ലം കഴിയുമ്പോൾ മാറ്റ് ആശുപത്രികളിലേക്ക് മാറ്റിക്കൊടുക്കണം.

13. അമ്പതു വയസ്സ് തികഞ്ഞവരെ ഗ്രാറ്റുവിറ്റി നൽകി പിരിച്ചു പോരാൻ അനുവദിക്കുക.

14. മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ഡ്രൈവറന്മാർക്കും, കാർപ്പെൻറന്മാർക്കും ഗവണ്മെൻറ് പ്രസ്സിലും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലുമുള്ള ഡ്രൈവറന്മാർക്കും കാർപ്പെൻറന്മാർക്കും കൊടുക്കുന്ന ശമ്പളം അനുവദിക്കുക.

15. കണ്ടിൻജൻസി ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പരിപൂർണ്ണമായ സൗജന്യചികിത്സ അനുവദിക്കണം.

16. വീടില്ലാത്ത കണ്ടിൻജൻസി ജീവനക്കാർക്ക് നഗരത്തിലും തൊട്ടടുത്ത സ്ഥലങ്ങളിലുമായി കോളനി സ്കീമിൽ പാർപ്പിടസൗകര്യം ഉണ്ടാക്കിക്കൊടുക്കണം.

17. മേലാൽ കണ്ടിൻജൻസി ജോലിക്കാരായി മറ്റു ഡിപ്പാർട്ടുമെൻറുകളിൽനിന്നും പെൻഷൻപറ്റി പിരിഞ്ഞു വന്നിട്ടുള്ളവരെ നിയമിക്കുന്ന ഏർപ്പാട് നിറുത്തൽ ചെയ്യണം.

18. ഡ്യൂട്ടിക്കാർക്ക് ആഹാരം കഴിക്കുന്നതിനും, സാധനങ്ങൾവച്ചു സൂക്ഷിക്കുന്നതിനും, കമ്മിറ്റികളും പൊതുയോഗങ്ങളും കൂടുന്നതിനും ഉള്ള സ്ഥലസൗകര്യങ്ങൾ അനുവദിക്കണം.

19. മുഴുവൻ കണ്ടിൻജൻസി ജീവനക്കാരുടേയും അടിസ്ഥാനശമ്പളം 45-75 രൂപയായി വർദ്ധിപ്പിക്കുക.

20. എല്ലാ ആശുപത്രികളിലും വേണ്ട സ്ഥലസൗകര്യങ്ങളും സാമഗ്രികളും വർദ്ധിപ്പിക്കുകയും വേണ്ട മരുന്നു് യഥാസ്ഥലങ്ങളിൽ സപ്ലൈചെയ്യുകയും ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കുകയും ചെയ്തു് ആശുപത്രികളും ഡിസ്പെൻസറികളും പൊതുജനങ്ങൾക്കു തികച്ചും പ്രയോജനപ്രദമാക്കിത്തീർക്കുക.

(ബി) ഇവയിൽ 2, 4, 9, 12, 17 എന്നീ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly